# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MARCH 2023. ₹ 5.00

VOL.4 - ISSUE NO. 12 - DATE OF PUBLICATION 25TH MARCH 2023 - REGN. NO. KERBIL/2005/23143


# മെഷിനറി എക്സ്പോ 2023
# സംരംഭകർ കണ്ടു പഠിച്ച അനുഭവ കഥ

കാർഷികാധിഷ്ഠിത ഭക്ഷണവും അതിന്റെ സംസ്കരണവും

പാക്കേജിംഗ്

ജനറൽ എഞ്ചിനീയറിംഗ്

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്

മരം അടിസ്ഥാന മാക്കിയുള്ള വ്യവസായം

റബ്ബർ & പ്ലാസ്റ്റിക്










ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വെച്ച് നടന്ന മെഷിനറി എക്സ്പോ നാഷണൽ എക്സിബിഷൻ ബഹു. വ്യവസായ വാണിജ്യ കയർ നിയമ വകുപ്പ് മന്ത്രി പി.രാജീവ് ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്യുന്നു.







പാദരക്ഷകൾ

പ്രിന്റിംഗ്

ഫാർമസ്യൂട്ടിക്കൽസ്

ആയുർവേദം & ഹെർബൽ

വസ്ത്രം

മാലിന്യ സംസ്കരണം


3 ഒരുമയുടെ അനിവാര്യത

7 2024 വനിത സംരംഭക വർഷമായി ആചരിക്കണം

10 ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ കേരളത്തിന്റെ റാങ്കിങ്ങ് ഇനിയും ഉയരും

14 സംരംഭക മേഖലയിലെ പരിശീലനത്തിനായി കെ.ഐ.ഇ.ഡി.

5 തൊഴിലാളികളെ നിശ്ചയിക്കുവാനുള്ള അവകാശം മുതൽമുടക്കുന്ന വ്യവസായികൾക്ക്

8 ജി.എസ്.റ്റി. ഓഡിറ്റിൽ ആവശ്യപ്പെടുന്ന രേഖകളും ബിസിനസ്സുകാരുടെ ബദ്ധപ്പാടും

12 വനിതാ ദിനത്തിൽ സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനവുമായി വ്യവസായ വകുപ്പ്

16 വനിത സംരംഭകർക്ക് പുതു പ്രതീക്ഷയേകി വ്യവസായ വകുപ്പ്




# In need of funds?

## Check out KSIDC's loan portfolio

- TERM LOAN
- EQUIPMEMT LOAN
- CM FINANCIAL ASSISTANCE for MSME
- BILL DISCOUNTING SCHEMES
- WORKING CAPITAL LOAN
- CORPORATE LOAN
- SEED FUND ASSISTANCE to START-UPS
- LOAN FOR CARAVANS AND CARAVAN PARKS
- WE-MISSION SCHEME FOR WOMEN ENTREPRENEURS

*For further information contact*

**Toll free no: 18008901030**
**Phone: 0471-2318922. 0484-23230101**
Enquires: bd@ksidcmail.org, enquiry@ksidcmail.org

kswift.kerala.gov.in ▪ www.ksidc.org

KSIDC

**Kerala State Industrial Development Corporation Ltd.**
**Head Office:** T.C. XI/266, Keston Road, Kowdiar, **Thiruvananthapuram**-695 003
**Regional Office:** 2nd Floor, Choice Towers, Manorama Junction, **Kochi**-682016
**Kozhikode:** 1st Floor, BSNL GM Office, Annex Building, Balan K Nair Road, Asokapuram-673001

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
**A. Nizarudeen**
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
**P.J. Jose**
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
**A. Fasiludeen**
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
**Abraham Kuriakose**
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
**A.V. Sunilnath**
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
**Joseph Paikada**
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
**V.K. Harilal** **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

**B. Jayakrishnan** **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

**George Mundakkal** **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
**S. Salim**
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
**K.P. Ramachandran Nair**
Mobile: 94470 17899

---

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of **THE KERALA STATE SMALL INDUSTRIES ASSOCIATION** **MARCH 2023** ₹ 5.00

## എഡിറ്റോറിയൽ

# ഒരുമയുടെ അനിവാര്യത



വ്യവസായത്തിന്റെ ഭാവിയും വികസനവും മുന്നിൽ കണ്ടു കൊണ്ടുള്ള സർക്കാരിന്റെ കർമ്മ പദ്ധതികൾ, സംസ്ഥാനത്താകെ അതിശീഘ്രം വ്യാപിക്കുകയാണ്. സ്ഥലവും സാഹചര്യവും അധികമായി വേണ്ടിവരുന്ന വൻകിട വ്യവസായങ്ങൾ കേരളത്തിന്റെ പരിമിതമായ സാഹചര്യങ്ങളിൽ പ്രായോഗികമല്ല. അതുകൊണ്ടുതന്നെ, ചെറുകിട ഇടത്തര വ്യവസായങ്ങൾക്ക് പ്രാധാന്യമേറി വരികയാണ്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തന്നെ സന്നദ്ധ പ്രവർത്തകരെ രംഗത്തിറക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നമ്മുടെ സംഘടനയുടെ അംഗത്വവും ശക്തിയും വർദ്ധിപ്പിക്കുവാൻ നാം ഉത്സാഹിച്ചേ മതിയാകൂ. ജലത്തുള്ളികൾ പുഴയായിത്തീർന്നൊഴുകുന്ന പോലെ, അംഗങ്ങളെ ഏറെ വർദ്ധിപ്പിച്ചു ഒന്നായിതീരേണ്ടത് വർത്തമാനകാലത്തിലെ അനിവാര്യതയാണ്. ഇക്കാര്യത്തിൽ നാം ശ്രദ്ധയൂന്നിയേ മതിയാവൂ.

ഇന്ന് നമ്മുടെ വ്യവസായ സംഘടനയും, സർക്കാരുമായുള്ള ബന്ധം, വളരെ നല്ല സഹകരണത്തിലും സൗഹൃദത്തിലും ആണ്. വ്യവസായ നയ രൂപികരണത്തിലും മറ്റും, മറ്റ് സംഘടനകളെക്കാൾ പ്രാധാന്യം നമ്മുടെ സംഘടനയ്ക്ക് ലഭിക്കുന്നുണ്ട്.

വ്യവസായികളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരവും, സഹായവും, നൽകുന്നതിനും കിട്ടുന്നതിനും വഴി ഒരുക്കുവാൻ നമുക്ക് കഴിയുന്നുണ്ട്. സർക്കാരിനെ വ്യവസായ പ്രശ്നങ്ങൾ ബോദ്ധ്യപ്പെടുത്തി വാങ്ങുന്ന സഹായ സഹകരണങ്ങൾ നമ്മുടെ അംഗങ്ങൾക്ക് മാത്രമുള്ളതല്ല. കേരളത്തിലെ എല്ലാ എം.എസ്. എം.ഇ. യൂണിറ്റുകൾക്കും കൂടിയാണ്. ഈ യൂണിറ്റുകൾക്കുണ്ടാകുന്ന പ്രശ്നപരിഹാരത്തിനും നമ്മുടെ സംഘടന പ്രവർത്തിച്ചു വരുന്നു. ഇക്കാര്യങ്ങൾ അംഗങ്ങളല്ലാത്ത യൂണിറ്റുകളെ കൂടി ബോദ്ധ്യപ്പെടുത്തി അവരെ സംഘടനയിൽ അംഗങ്ങളാക്കേണ്ടതാണ്.

അതുകൊണ്ട് തന്നെ അംഗ വർദ്ധന നമ്മുടെ അടിയന്തിരാവശ്യമായി മാറിയിരിക്കുന്നു. അതിനായി കമ്മിറ്റി അംഗങ്ങൾ നേരിട്ട് ഓരോ യൂണിറ്റുകളെയും ഇക്കാര്യം ബോദ്ധ്യപ്പെടുത്തി, അംഗത്വം വർദ്ധിപ്പിക്കേണ്ടതുണ്ട്.


ഇതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹായവും തേടാവുന്നതാണ്. ഇത് നമ്മുടെ നിലനിൽപ്പിന്റെയും വളർച്ചയുടെയും അടിയന്തിരാവശ്യം ആണെന്ന ഓർമ്മപ്പെടുത്തലോടെ.

**എസ്. സലിം**
ചീഫ് എഡിറ്റർ

# CHASS ENGINEERING

MOULDING THE FUTURE

SIDCO INDUSTRIAL ESTATE ,
ETTUMANOOR-686 631, KERALA, INDIA
Email: chassengineeing@gmail.com
www.chassengineering.in
Phone: 7034132649, 0481 2535524





- CNC PROFILE CUTTING 5MM TO 60MM OXY FUEL
- CNC TOOL ROOM
- MOULDS FOR RUBBER /EVA/ PVC CHAPPALS
- MOULDS FOR RUBBER AND PLASTIC INJECTION
- MOULDS FOR RUBBER PRODUCTS
- CUSTOMISED DESIGN
- CAD CAM CENTRE
- MOULD TEXTURISATION THRU PHOTO CHEMICAL ETCHING

# ANJAL INDUSTRIES

Manufacturers of Multi colour Flexo printed PP/HM/Ld covers , grocery bags , liner bags etc

IDP Andoor, kuzhichal, PARASSINIKADAVU, KANNUR - 670563

*With over 12 years of experience in the field of printing & packing*
*We cater to various packaging needs of food industries, supermarkets etc.*

**FOR ENQUIRIES FEEL FREE TO CONTACT US AT : +91 8606096166**

- GROCERY BAGS ( 500g, 1 kg, 2 kg 3 kg, 5 kg, 10 kg)
- COVERS FOR POWDER PACKING (ATTA, MAIDA, CHILLY POWDER, CORIANDER POWDER)
- SNACKS COVERS (MIXTURE, CHIPS, BURKY, MURUKKU ETC.)
- BREAD COVERS
- BREAD TAGS ARE AVAILABLE
- FRUITS VEGETABLES NET
- CAKE BOX & BASE
- COURIER COVERS WITH OR WITHOUT POD
- BROWN COVERS
- BROWN PAPER BAG ( WITH HANDLE )

# പ്രസിഡൻഷ്യൽ റിപ്പോർട്ട്



# തൊഴിലാളികളെ നിശ്ചയിക്കുവാനുള്ള അവകാശം മുതൽമുടക്കുന്ന വ്യവസായികൾക്ക്

വ്യവസായ വകുപ്പും കെ.എസ്.എസ്.ഐ.എ. യുമായി സൗഹൃദപരമായ ഒരു അന്തരീക്ഷം നിലവിലുണ്ട്. ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായാണ് വ്യവസായ വകുപ്പും കെ.എസ്.എസ്.ഐ.എ. യും പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പിന്റെ എല്ലാ പ്രവൃത്തികളിലും കെ.എസ്.എസ്.ഐ.എ. യ്ക്ക് ഊഷ്മളമായ സ്വീകരണമാണ് നല്കി വരുന്നത്. സംസ്ഥാന കമ്മിറ്റിയുമായുള്ള ഈ സൗഹൃദാന്തരീക്ഷം ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതാണ്. കേരളത്തിലെ 14 ജില്ലകളിൽ ജില്ല വ്യവസായ കേന്ദ്രം നിക്ഷേപ സംഗമങ്ങൾ നടത്തി വരുന്നു. ഇതിൽ കെ.എസ്.എസ്.ഐ.എ. യുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ ജില്ലകൾ ശ്രദ്ധിക്കേണ്ടതാണ്. ഈ സൗഹൃദ അന്തരീക്ഷത്തിലൂടെ ജില്ല വ്യവസായ ഘടകവുമായി ചേർന്ന് കെ.എസ്.എസ്.ഐ.എ. അംഗത്വം വർദ്ധിപ്പിക്കുവാൻ ജില്ലകൾ പരമാവധി പരിശ്രമിക്കേണ്ടതാണ്.

2022-2023 സംരംഭക വർഷമായി ആചരിച്ച് ഒന്നര ലക്ഷത്തോളം പുതുസംരംഭങ്ങൾക്ക് നാന്ദി കുറിക്കാൻ വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് പുതിയ സംരംഭങ്ങളുമായി അതിവേഗം ബഹുദൂരം സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ യൂണിയനുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. പച്ച പിടിച്ചു വരുന്ന ഒരു വ്യവസായത്തെ നിഷ്കരുണം ഇല്ലാതാക്കാൻ യൂണിയനുകളെ കൊണ്ട് സാധിക്കുന്ന ഒരു അവസ്ഥ നിലവിലുണ്ടായിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിനൊപ്പം രാഷ്ട്രീയ പാർട്ടികൾ കൂടി കൈകോർത്ത് തുടങ്ങുന്ന ഒരവസ്ഥയാണിന്ന്.

തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ളതാണ് ട്രേഡ് യൂണിയനുകൾ. 'അല്ലാതെ വ്യവസായ ശാലകൾക്കു മുന്നിൽ കുത്തുവാനുള്ളതല്ല അവരുടെ കൊടികൾ' എന്ന് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഓർമ്മപ്പെടുത്തിയിട്ടുണ്ടായിരുന്നു. കൂടാതെ ട്രേഡ് യൂണിയനുകൾ ഒരിക്കലും വികസന വിരുദ്ധരാകരുതെന്നും വ്യവസായ വളർച്ചയ്ക്ക് ഉതകുന്നതായിരിക്കണം ഇവരുടെ പ്രവർത്തനമെന്നും ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിലാളികളെ നിശ്ചയിക്കുവാനുള്ള അവകാശം മുതൽ മുടക്കുന്ന വ്യവസായികൾക്കാണെന്നും അല്ലാതെ ട്രേഡ് യൂണിയനുകൾക്ക് അല്ലാന്നും സി.പി.എം. സംസ്ഥാന സെക്രട്ടറി തന്നെ പരസ്യമായി വ്യക്തമാക്കിയിരിക്കുന്നു. കോടികൾ മുതൽമുടക്കി ഒരു സംരംഭം ആരംഭിച്ചശേഷം അവിടത്തെ തൊഴിലാളികളെ നിശ്ചയിക്കാനുള്ള ഒരു അധികാരം പോലും ഒരു വ്യവസായിക്ക് ഇല്ലാത്ത അവസ്ഥ വളരെ ദു:ഖകരമാണ്. ഈ അവസ്ഥകളെല്ലാം കേരളത്തിൽ ഇന്ന് മാറിമറഞ്ഞു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഭരണപക്ഷവും പ്രതിപക്ഷവും എല്ലാം ഒരേ സ്വരത്തിൽ കേരളത്തിലെ വ്യവസായ വളർച്ചയെ അഭിനന്ദിക്കുകയും ഈ വ്യവസായ വളർച്ചയുടെ ഭാഗമായികൊണ്ടിരിക്കുകയുമാണ്. സംരംഭക വർഷത്തിലെ പുതിയ സംരംഭങ്ങൾക്കായി കേരളത്തിലെ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, മണ്ഡലങ്ങളിലും രാഷ്ട്രീയ ഭേദമന്യേ ശില്പശാലകളും ലോൺ മേളകളും നടത്താൻ സാധിച്ചു. കോൺഗ്രസ് എം.പി. ആയ ഹൈബി ഈഡൻ പോലും ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ട്രേഡ് യൂണിയൻ രംഗത്തെ ദീർഘകാലപ്രവർത്തന പരിചയം ഇന്ന് കേരളത്തിലെ വ്യവസായ മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണെന്ന് ഹൈബി ഈഡൻ എം.പി. കൂട്ടിച്ചേർത്തു.

കേരളത്തിലെ ട്രേഡ് യൂണിയനുകളെ കൊണ്ട് ചെറുകിട വ്യവസായ മേഖലയ്ക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. തങ്ങളുടെ വ്യവസായ സ്ഥാപനത്തിലെ ഉല്പന്നങ്ങൾ പോലും കയറ്റിയിറക്കു ചെയ്യുന്നതിന് ട്രേഡ് യൂണിയനുകളുമായി പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ഈ ഒരു സാഹചര്യത്തിൽ സി.പി.എം. സംസ്ഥാന സെക്രട്ടറിയുടെ വാക്കുകൾ ചെറുകിട വ്യവസായ മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കുന്നതാണ്. കെ.എസ്.എസ്.ഐ.എ. സംസ്ഥാന സംഘടന ഒന്നടങ്കം ഇത്തരമൊരു വാർത്ത സ്വാഗതം ചെയ്യുകയാണ്. സംസ്ഥാന സർക്കാരിന്റെ കേരളം ഒരു വ്യവസായ സംരംഭക സംസ്ഥാനമാക്കുമെന്ന പ്രഖ്യാപനം ഇത്തരം ഒരു നീക്കത്തിലൂടെ വളരെ പെട്ടെന്ന് യാഥാർത്ഥ്യമാകുമെന്ന് വിശ്വസിക്കുന്നു. ഇങ്ങനെ കുതിച്ച് മുന്നേറി വ്യവസായ രംഗത്ത് ഒന്നാമത് എത്താൻ കേരളത്തിനാകട്ടെയെന്ന് പ്രത്യാശിക്കുന്നു.

**എ. നിസാറുദ്ദിൻ**
സംസ്ഥാന പ്രസിഡന്റ്

KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION

# കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ

എന്റെ സംരംഭം നാടിന്റെ അഭിമാനം

[KSSF]

# സോഷ്യൽ സെക്യൂരിറ്റി ഫണ്ട്



Regd No: 91/IV/10 (കേരള സർക്കാർ അംഗീകൃതം)

താങ്കൾ ഒരു ചെറുകിട വ്യവസായി ആണോ ?

നിങ്ങളുടെ പ്രായം 55 വയസ്സിൽ താഴെ ആണോ ?

വ്യവസായ നടത്തുന്നതിനോടൊപ്പം സ്വന്തം കുടുംബത്തിന്റെ സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ടോ ?

കേരളത്തിലെ 55 വയസ്സിൽ താഴെയുള്ള ഏതൊരു ചെറുകിട വ്യവസായിക്കും ഇതിൽ അംഗത്വം എടുക്കാവുന്നതാണ്. അംഗത്വമെടുക്കുന്ന ചെറുകിട വ്യവസായികൾക്ക് **10 ലക്ഷം രൂപയുടെ** മരണാനന്തര സഹായം ലഭിക്കുന്നതാണ്. ഗുരുതരമായ അസുഖങ്ങൾക്ക് ചികിത്സാ സഹായമായി **2 ലക്ഷം രൂപ** വരെയും നൽകുന്നതാണ്. 2023 മാർച്ച് 31 മുമ്പായി അംഗത്വമെടുക്കുന്ന ചെറുകിട വ്യവസായികൾക്ക് മാത്രമാണ് നിലവിലുള്ള മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു.

Sri. K.P. Ramachandran Nair (Chairman) | Sri. Paul Vazhakala (Convenor) | Sri. N.J. Raphel (Treasurer)

ഉടൻ അംഗമാവുക

**PH: 8129368484**



# KSSIA NEWS

## KSSIA NEWS

(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24

**Discount**

For 12 months insertion 15%
For 6 months insertion 10%

KSSIA TECHNOCITY Kochi
Beyond Innovation

+91 94963 60300

# WORKS SPACE AVAILABLE

**TABLE / CABIN SPACE @ KSSIA TECHNOCITY, KALAMASSERY**

SALIENT FEATURES

- 24X7 WORKING FACILITY
- HI SPEED INTERNET
- FURNISHED A/C CABINS
- CONFERENCE ROOM FACILITY
- STATUTORY REGISTRATION HELPLINE
- 1.5 KM FROM KALAMASSERY METRO STATION



**KSSIA Technocity, KSSIA Bhavan**
**Near KSEB Sub Station, Kalamassery - 683 503**
technocitykochi@gmail.com

# വോയിസ് ഓഫ് ജനറൽ സെക്രട്ടറി





## 2024 വനിത സംരംഭക വർഷമായി ആചരിക്കണം

മാർച്ച് 8 ന് ലോകമെമ്പാടും സാർവ്വദേശീയ വനിതാ ദിനമായി ആചരിച്ചു. ലിംഗ സമത്വത്തിനും തുല്യ അവകാശത്തിനും സ്ത്രീകളുടെ ഉന്നമനത്തിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന മഹത്തായ സ്ത്രീ വിമോചന സമരത്തിന്റെ ഓർമ്മ പുതുക്കൽ കൂടിയാണ് ഈ ദിനം. 1975 ലാണ് ഐക്യ രാഷ്ട്ര സഭ മാർച്ച് 8 ന് വനിത ദിനമായി ആഘോഷിക്കണമെന്ന് ആഹ്വാനം ചെയ്തത്. ഇന്ത്യയിലും നമ്മുടെ സംസ്ഥാനത്തും ഈ ആഹ്വാനം ചെവികൊണ്ട് വിവിധ പരിപാടികളോടെ ഈ ദിനം ആചരിച്ചു വരുന്നു. കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി എല്ലാ മേഖലകളിലും സ്ത്രീകൾക്കുള്ള സ്ഥാനം വളരെ വലുതാണ്. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം കലാസാഹിത്യരംഗം, സാമൂഹ്യം, പൊതുരംഗം തുടങ്ങിയ വിവിധ മേഖലഖളിൽ സ്ത്രീ മുന്നേറ്റം മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉന്നത നിലവാരത്തിലാണെന്ന് നിസംശയം പറയാം. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിലെ സ്ത്രീകളിൽ എത്രമാത്രം സ്വാധീനവും ഗുണപരമായ മാറ്റവും ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുതയും നാം കാണേണ്ടതുണ്ട്. സ്ത്രീ ശാക്തീകരണത്തിനും, സ്ത്രീ സമത്വത്തിനും വേണ്ടി ശബ്ദമുയർത്തുന്ന സംഘടിതവും ഉയർന്ന മൂല്യ ബോധമുള്ള സ്ത്രീ കൂട്ടായ്മകളുടെ ശക്തമായ പ്രവർത്തനങ്ങൾ സ്ത്രീ മുന്നേറ്റത്തിന് വളരെ സഹായകരമായിട്ടുണ്ട്.

അഭ്യസ്ത വിദ്യരും, അദ്ധ്വാന ശീലരും, കാര്യശേഷിയുമുള്ള നമ്മുടെ സ്ത്രീ സമൂഹത്തെ നാടിന്റെ വികസന മേഖലകളിൽ പങ്കാളികളാക്കേണ്ട ആവശ്യകതയാണ് നമ്മുടെ മുമ്പിലുള്ളത്. സ്ത്രീകളെ സ്വയം തൊഴിൽ അന്വേഷണത്തിൽ നിന്നും വ്യവസായ സംരംഭത്തിന്റെ ഭാഗമാക്കി സ്വയം തൊഴിലും, തൊഴിൽ ദാതാക്കളാക്കാനുള്ള ശ്രമത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. സംസ്ഥാന സർക്കാർ സ്ത്രീകളെ ഈ മേഖലയിലേക്ക് കൊണ്ടു വരുന്നതിന് പല പ്രോത്സാഹന നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. നിലവിലുള്ള പദ്ധതികൾക്ക് പുറമെ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം **വി വിഷൻ കേരളാ വായ്പ പദ്ധതി** അനുസരിച്ച് 5 ശതമാനം പലിശ നിരക്കിലുള്ള വായ്പ പരിധി 25 ലക്ഷത്തിൽ നിന്നും 50 ലക്ഷമാക്കി ഉയർത്തൽ, വനിത സംരംഭകരുടെ വായ്പകൾക്ക് മൊറോട്ടോറിയം 6 മാസത്തിൽ നിന്നും ഒരു വർഷമാക്കൽ, വനിത സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ ഗ്രാന്റ്, സർക്കാർ ഇൻക്യൂബേഷൻ സെന്ററിൽ വനിത സംരംഭകരുടെ വാടക 50 ശതമാനം വരെ ഇളവ്, മികച്ച വനിതാ സംരംഭകർക്കുള്ള പ്രത്യേക പുരസ്കാരം തുടങ്ങിയ ആനുകൂല്യങ്ങൾ വനിതാദിനം പ്രമാണിച്ച് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി.

എം.എസ്.എം.ഇ. മേഖലയിൽ വനിതകളുടെ സാന്നിദ്ധ്യം ആശാവഹമാണ്. സർക്കാരിന്റെ ഒരു ലക്ഷം സംരംഭകരിൽ 43,000 വനിതകളാണ് 31 ശതമാനം. ഐ.റ്റി. തൊഴിൽ മേഖലയിൽ ദേശീയ തലത്തിൽ 31 ശതമാനമാണെങ്കിൽ കേരളത്തിൽ 43 ശതമാനമാണ്. സ്ത്രീകളുടെ സംരംഭകത്തിലേക്കുള്ള കടന്ന് വരവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹ്യമണ്ഡലങ്ങളിൽ ഉണ്ടാകുന്ന ഗുണകരമായ മാറ്റങ്ങൾ വളരെ ശ്രദ്ധിക്കപ്പെടുന്നതും ഇന്ത്യക്കു തന്നെ മാതൃകപരവുമാണ്. അടുത്ത വർഷം വനിത സംരംഭകരുടെ എണ്ണം 50 ശതമാനമായി ഉയർത്തുമെന്ന് വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനം വ്യവസായ മേഖല പ്രത്യേകിച്ച് വനിത സംരംഭകർ വളരെ സന്തോഷത്തോടും പ്രതീക്ഷയോടുമാണ് സ്വീകരിച്ചത്. വനിത സംരംഭകർക്ക് കൂടുതൽ പ്രോത്സാഹന പദ്ധതികൾ പ്രഖ്യാപിച്ച് വനിതകളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നമുക്ക് കൂട്ടായി പ്രവർത്തിക്കാമെന്നും മന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കി 2024 വർഷം വനിതാ സംരംഭക വർഷമായി ആചരിക്കണമെന്നും കെ.എസ്.എസ്.ഐ.എ. അഭ്യർത്ഥിക്കുന്നു.

**പി.ജെ. ജോസ്**
ജനറൽ സെക്രട്ടറി

# ജി.എസ്.റ്റി. ഓഡിറ്റിൽ ആവശ്യപ്പെടുന്ന രേഖകളും ബിസിനസ്സുകാരുടെ ബദ്ധപ്പാടും



അഡ്വ. കെ.എസ്. ഹരിഹരൻ

ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് ബിസിനസ്സുകാരെ എത്രമാത്രം ബുദ്ധിമുട്ടിക്കും എന്നറിയാൻ അതുമായി ബന്ധപ്പെട്ട നോട്ടീസുകളും ആവശ്യപ്പെടുന്ന രേഖകളും പരിശോധിച്ചാൽ മതി. ഓഡിറ്റിനു വേണ്ടി ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് അയച്ച നോട്ടീസിലെ ഹാജരാക്കേണ്ട രേഖകളുടെ ഒരു ഏകദേശ രൂപം താഴെ കൊടുക്കുന്നു.

(1) Transactional Trial Balance (Four Column) for the period July 2017 to March 2021.

(2) Annual Returns submitted to the Registrar of Companies, Banks. Financial Institutions, Sales Tax and Income Tax Returns along with Annexure (Form 3 CD) for the above said financial year(s).

(3) Cost Audit, Tax Audit and Internal Audit Reports, wherever applicable for the period July 2017 to March 2021.

(4) Input tax Credit details (document wise) in soft copy for the period July 2017 to March 2021.


(5) Sales Register.

(6) Stock Register (for all inputs and outputs in prescribed format as per rule 56).

(7) Purchase Register and Expenses ledgers.

(8) Input tax credit availed and utilized.

(9) Purchase Bills from 1st July 2017-31 st March 2021.






(10) Sales Bills from 1st July 2017- 31 st March 2021.
(11) Refund documents (if applied for).
(12) GSTR 9/9C for 2017-18 to 2020-21.
(13) GSTR 3B of all Months.
(14) GSTR 1 of all Months.
(15) GSTR 2A of all Months.
(16) E-Way bill generated (Upto 2020-21), if any (Soft copy).
(17) Electronic Credit Ledger copies upto 2020-21.
(18) Electronic Cash Ledger copies upto 2020-21.
(19) TRAN-01 copies (if applicable).
20) TRAN-02 copies (if applicable).
(21) ITC-02/03/04 copies (if applicable).
(22) Reconciliation copies of GSTR 3B and GSTR 2A for the period from 2017-18 to 2020-21.
(23) Copy of Statement of Reconciliation prepared in September 2018, 2019, 2020 & 2021.
(24) Copy of any order/notice issued by Department (if any)
(25) Copies of Debit notes, Credit Notes and other voucher Receipt/ Payment/ Refund for the period 1st July 2017- 31st to March 2021.
(26) Job Work Invoices, If any.
(27) Delivery Challans (Copies).
(28) Electronic/Soft copy of all the accounts.
(29) Any document that record communication from GST Department relating to the year.
(30) Printed copy of Assessee Master File duly filled (GSTAM-Annex-1 form enclosed as soft copy).
(31) The names and addresses of the persons on whose behalf the works contract is executed.

ഇത് കൂടാതെ സാധാരണ നിലയിൽ ബിസിനസ്സുകാർ സൂക്ഷിക്കേണ്ട തന്റെ ബിസിനസ്സുമായി ബന്ധപ്പെട്ട സകലവിധ രേഖകളും ജി.എസ്.റ്റി. നിയമത്തിനു പുറമെ ഇൻകം ടാക്സ്, കമ്പനി ലോ, ഡ്രഗ് ലൈസൻസ്, പൊല്യുഷൻ കൺട്രോൾ ബോർഡ്, ലേബർ ലോ, ഇ.എസ്.ഐ., ഇ.പി.എഫ്., റബ്ബർ ബോർഡ്, പല വിധത്തിലുള്ള കോൺട്രാക്റ്റ് എഗ്രിമെന്റുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെടാനും അതനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഹാജരാക്കാനും ഓഡിറ്റ് ടീമിന് നിർദ്ദേശിക്കാവുന്നതാണ്.

പതിനഞ്ചു ദിവസത്തിനുള്ളിൽ മുകളിൽ പ്രതിപാദിച്ച രേഖകൾ ഹാജരാക്കാൻ പറഞ്ഞു കൊണ്ടുള്ള നോട്ടീസിന് വേണ്ടി രേഖകൾ തയ്യാറാക്കിയെടുക്കാൻ അക്കൗണ്ട്സ് ടീം ഉള്ള ഒരു സ്ഥാപനത്തിനു പോലും എളുപ്പമല്ല.

ഇത്രയും രേഖകൾ വെച്ചിട്ടു വേണം ഓഡിറ്റുമായി ബന്ധപ്പെട്ട ജോലികൾ ജി.എസ്.റ്റി., ഓഡിറ്റ് യൂണിറ്റിനു ചെയ്യുവാൻ. ജി.എസ്.റ്റി. ഓഡിറ്റ് മാനുവൽ അനുസരിച്ചുള്ള ഫോർമാറ്റ് പൂരിപ്പിക്കുകയും ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ പ്രീ ഓഡിറ്റ് നോട്ടീസ്/റിപ്പോർട്ട്, ഫൈനൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കി സമയ ബന്ധിതമായി ബിസിനസ്സുകാർക്കും ബന്ധപ്പെട്ട മറ്റ് ജി.എസ്.റ്റി. അധികാരികൾക്കും അയയ്ക്കുവാൻ അല്ലെങ്കിൽ അപ്‌ലോഡ് ചെയ്യുവാൻ.

സാധാരണ നിലയിൽ ഓഡിറ്റ് നടപടികൾ തുടങ്ങി മൂന്ന് മാസത്തിനകം ഓഡിറ്റ് പൂർത്തിയാക്കിയിരിക്കേണ്ടതും, അതിനു ശേഷം ഒരു മാസത്തിനകം ഫൈനൽ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധികരിക്കേണ്ടതുമാണ്.

ആയതിനാൽ ബിസിനസ്സുകാർ ജി.എസ്.റ്റി. ഓഡിറ്റിനെ വളരെ ഉത്തരവാദിത്വത്തോടെയും അതീവ ഗൗരവത്തോടെയും കണ്ടേ പറ്റൂ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ജി.എസ്.റ്റി. റജിസ്ട്രേഷനുള്ള ബിസിനസ്സുകാർ തങ്ങളുടെ റജിസ്ട്രേഷൻ സമയത്ത് കൊടുത്ത ആപ്ലിക്കേഷൻ, മറ്റു രേഖകൾ, പ്രത്യേകിച്ച് ബിൽഡിങ്ങ് നമ്പർ, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. തുടങ്ങിയവ പരിശോധിച്ച് അപ്ഡേറ്റ് ആക്കാൻ പ്രത്യേകം ശ്രദ്ധിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**9846227555, 7902443188, 7907000401**

# ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ കേരളത്തിന്റെ റാങ്കിങ്ങ് ഇനിയും ഉയരും

ടി.എസ്. ചന്ദ്രൻ




ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ റാങ്കിൽ കേരളം 15–ാം സ്ഥാനത്തേക്ക് ഉയർന്നിരിക്കുന്നു. വ്യവസായ സമൂഹം പ്രത്യേകിച്ചും പൊതുസമൂഹം സാധാരണ നിലയിലും ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രധാന വിഷയമാണിത്. 28–ാം റാങ്കിൽ നിന്നുമാണ് കേരളം 15–ാം സ്ഥാനത്തേക്ക് ഉയർന്നത് എന്നുകൂടി ഓർക്കണം. ജനങ്ങളുടെ ജീവിത നിലവാരം സമ്പത്ത് വ്യവസ്ഥയിൽ നിലനിൽക്കുന്ന ബിസിനസ് സാഹചര്യത്തെ അനുസരിച്ച് വ്യത്യാസപ്പെടുന്നു. മികച്ച ബിസിനസ് അന്തരീക്ഷം ആരോഗ്യകരമായ ഒരു സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ്. ബിസിനസ് നിലവാരം പരിശോധിക്കുകയാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് ചെയ്യുന്നത്.

## എന്താണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്?

ഒരു ബിസിനസ് തുടങ്ങുക, നടത്തുക, ആവശ്യമെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുക ഇവയ്ക്കുള്ള നടപടിക്രമങ്ങൾ എളുപ്പമാക്കുക എന്നതാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ബിസിനസ്സിന്റെ നടപടി ക്രമങ്ങൾ സുതാര്യവും വ്യവസ്ഥാപിതവും സമയബന്ധിതവും കുറഞ്ഞ ചിലവിലും നടത്തുവാൻ കഴിയണം. ഇതിനുള്ള സാഹചര്യങ്ങൾ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഇവിടെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് ചെയ്യുന്നത്. 2006 മുതലാണ് വേൾഡ് ബാങ്ക് ലോക സമ്പദ് വ്യവസ്ഥയെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ അടിസ്ഥാനത്തിൽ റാങ്കിങ്ങ് നൽകുവാൻ തുടങ്ങിയത്. 12 മാനദണ്ഡങ്ങളാണ് ഇപ്പോൾ റാങ്കിങ്ങിനായി പരിഗണിക്കുന്നത്.

## ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ മാനദണ്ഡങ്ങൾ

1. ബിസിനസ് ആരംഭിക്കുക, നടപടിക്രമങ്ങൾ, സമയം, ചെലവ്, ക്യാപിറ്റൽ തുടങ്ങിയവ.
2. നിർമ്മാണ അനുമതികൾ നടപടിക്രമങ്ങൾ, സമയം, ചിലവ്, ഒരു വെയർഹൗസ് നിർമ്മിക്കാനുള്ള സമയം എന്നിവ.
3. വൈദ്യുതി ലഭ്യമാക്കൽ നടപടിക്രമങ്ങൾ, സമയം, സ്ഥിരം കണക്ഷന് വേണ്ടി വരുന്ന ചിലവ് തുടങ്ങിയവ.
4. വസ്തു റജിസ്ട്രേഷൻ വാണിജ്യ റിയൽ എസ്റ്റേറ്റുകൾ റജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം, സമയം, ചെലവ് എന്നിവ.
5. വായ്പകൾ നേടുക നിയമപരമായി വായ്പ അവകാശ സൂചികയുടെ പിൻബലം.
6. നിക്ഷേപകരെ സംരക്ഷിക്കുക. കോർപ്പറേറ്റ് നിയമങ്ങൾ ഷെയർ എടുക്കുന്നവരുടെ സംരക്ഷണം എന്നിവ.
7. നികുതി അടയ്ക്കൽ പ്രക്രിയ, ആകെ നികുതി നിരക്ക് സംവിധാനം, സമയം, തുടങ്ങിയ എല്ലാവിധ ടാക്സ് നിയന്ത്രണങ്ങളും.
8. അതിർത്തികൾക്കപ്പുറമുള്ള വ്യാപാരം കയറ്റുമതി ഇറക്കുമതി ഇവ ചെയ്യാനുള്ള ചെലവ് സമയം താരതമ്യ മേന്മകൾ.






9. തകരാറുകൾ പാലിക്കുക, ഒരു കരാർ നടപ്പാക്കുന്നതിലെ നടപടിക്രമങ്ങളും ചെലവും സമയവും.
10. പാപ്പരത്വം സ്പഷ്ടമാക്കൽ നിയമപരമായ നടപടികളുടെ സുതാര്യത സമയം ചെലവ്.
11. തൊഴിലാളികളുടെ ശാക്തീകരണം, തൊഴിൽ നിയമങ്ങളിലെ വഴക്കം സ്വീകാര്യത.
12. സർക്കാരുമായി കരാറിൽ ഏർപ്പെടൽ പൊതുസംഭരണ നയം അനുസരിച്ച് പങ്കാളിയാകാനുള്ള നടപടികൾ, സമയം എന്നിവ.

ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളിലെ സമ്പദ് വ്യവസ്ഥകൾ തമ്മിലും, രാജ്യത്തിനകത്ത് സംസ്ഥാനങ്ങൾ തമ്മിലും ആരോഗ്യകരമായ ഒരു മത്സരമാണ് നടക്കുന്നത്. റാങ്കിങ്ങ് ഉയർത്തേണ്ടത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിനകത്ത് ജില്ലകൾ തമ്മിലോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിലോ ബാധകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിങ്ങ് വിലയിരുത്താവുന്നതും അപ്രകാരം നിശ്ചയിച്ച് അംഗീകാരങ്ങൾ നൽകാവുന്നതാണ്.

## മാക്രോ സാമ്പത്തിക സ്ഥിതി പരിഗണിക്കുന്നില്ല

ഒരു രാജ്യത്ത് നിലനിൽക്കുന്ന മൊത്ത സാമ്പത്തിക സ്ഥിതി ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ പരിഗണിക്കുന്നില്ല. ആഗോള സാമ്പത്തിക സംവിധാനം, തദ്ദേശീയ സാമ്പത്തിക സ്ഥിതി, സർക്കാരിന്റെ സാമ്പത്തിക നിലവാരം എന്നിവയും പരിഗണിക്കുന്നില്ല. തൊഴിലിന്റെ സ്ഥിതി, അഴിമതി, ദാരിദ്ര്യം, സ്ഥിരത, പരിസ്ഥിതി, ധനവിപണി, ഐ.പി.ആർ. എന്നിവയും പരിഗണിക്കുന്ന വിഷയങ്ങളല്ല.

## ഇന്ത്യ 63 – ാം റാങ്കിൽ

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ ഇന്ത്യയുടെ റാങ്ക് 63 ആയി ഉയർത്തിയിരിക്കുന്നു. 130 –ാം സ്ഥാനത്തായിരുന്നു ഇന്ത്യ. ലോക റാങ്കിങ്ങ് ഇപ്രകാരമാണ്.

1. സിങ്കപ്പൂർ
2. ഹോങ്ങ്കോങ്ങ് (ചൈന)
3. ന്യൂസിലന്റ്
4. യു.എസ്
5. ഡെൻമാർക്ക്
63. ഇന്ത്യ

ഇന്ത്യയുടെ റാങ്കിങ്ങ് അമ്പതായി ഉയർത്തണമെന്നാണ് പ്രധാനമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത്.

## ഇന്ത്യയിലെ റാങ്കിങ്ങ്

മേൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും റാങ്കിങ്ങ് നടത്തുന്നത് ആഭ്യന്തര വ്യാപാര വ്യവസായ പ്രോത്സാഹന വകുപ്പാണ്. അതിന്റെ അടിസ്ഥാനത്തിൽ 2022 ൽ സംസ്ഥാനങ്ങളിലെ റാങ്കിങ്ങ് ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നു.

1. ആന്ധ്രപ്രദേശ്
2. ഹരിയാന
3. കർണാടക
4. പഞ്ചാബ്
5. തമിഴ്നാട്
6. തെലുങ്കാന
15. കേരളം

ഇന്ത്യ ഗവൺമെന്റ് നിർദ്ദേശിച്ച 187 പരിഷ്കാരങ്ങളിൽ 157 എണ്ണവും നടപ്പാക്കിയ കേരളത്തിന്റെ റാങ്കിങ്ങ് പതിനഞ്ചായി ഉയർന്നിരിക്കുന്നു എന്നതാണ് സന്തോഷകരം.

## കേരളം ഏറെ മുന്നോട്ടു പോയി

2017–18 മുതൽ നിരവധി പരിഷ്കാരങ്ങൾ സംസ്ഥാന സർക്കാർ കൊണ്ടു വന്നു. കേരളത്തിലെ വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദം ആകുന്നതിന് കൊണ്ടു വന്ന പ്രധാന നിയമമാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018. ഇത് പ്രകാരമുള്ള കെ–സ്വിഫ്റ്റ് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ വന്നത് 2019 ഫെബ്രുവരിയിലാണ്. അതിപ്പോൾ പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമായിരിക്കുന്നു. 30 ദിവസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് ലൈസൻസുകൾ നൽകാൻ കഴിയുന്ന തരത്തിൽ അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 2019 ലെ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്റ്റ് ആണ് മറ്റൊരു പ്രധാന നിയമ നിർമ്മാണം. മുൻകൂർ അനുമതി ഇല്ലാതെതന്നെ ബിസിനസ് ചെയ്യുന്നതിന് ഈ നിയമം അനുവദിക്കുന്നു. 2019 കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ഭേദഗതി നിയമം, കെട്ടിട നിർമ്മാണ ചട്ടങ്ങിൽ വരുത്തിയ ഇളവുകൾ നാനോ യൂണിറ്റുകൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ജില്ലാ സംസ്ഥാന തലങ്ങളിലുള്ള ഫെസിലിറ്റേഷൻ കൗൺസിലുകൾ തുടങ്ങിയവയെല്ലാം 2019 – 20 കാലഘട്ടത്തിലാണ് നടപ്പിലായത്. അതുകൊണ്ടു തന്നെ 2022 റാങ്കിങ്ങിൽ ഇവ പരിഗണിച്ചു കാണണം. 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ പൂർണ്ണമായും പരിഗണിച്ച് പുതിയ റാങ്കിങ്ങ് നടത്തുമ്പോൾ കേരളത്തിന്റെ നില ഇനിയും ഉയരുക തന്നെ ചെയ്യും.

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**



# വിജയ വഴിയിൽ വനിതാ സംരംഭകർ, വനിതാ ദിനത്തിൽ സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനവുമായി വ്യവസായ വകുപ്പ്



**എസ്. സുരജ്**

വിജയിക്കണമെന്ന് ദൃഢനിശ്ചയമുള്ളവർ, ഏതു പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ തക്കവിധം ആത്മവിശ്വാസം സ്വായത്തമാക്കിയവർ, പ്രശ്നങ്ങളെ പുഞ്ചിരിയോടെ നേരിട്ടവർ, വിജയവഴിയിൽ സ്ത്രീ ശാക്തീകരണത്തിന് മാതൃകകളായവർ വനിതാ സംരംഭക സംഗമത്തിൽ ഒത്തു ചേർന്ന ഓരോ സംരംഭകയും ഇനിയും സംരംഭക മേഖലയിലേക്ക് കാലെടുത്തു വയ്ക്കാൻ മടിച്ചു നിൽക്കുന്ന ഒരായിരം സ്ത്രീകൾക്ക് പ്രചോദനമാകുകയായിരുന്നു. കേരള ചരിത്രത്തിൽ ആദ്യമായി വിജയകഥകളും അനുഭവങ്ങളും പങ്കു വെച്ച് അന്താരാഷ്ട്ര വനിതാ ദിനത്തിൽ അഞ്ചൂറിലധികം വനിതാ സംരംഭകരാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒത്തു ചേർന്നത്. സമൂഹത്തിലെ എല്ലാ മേഖലകളിലും തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിക്കുന്ന കേരളത്തിലെ വനിതകൾക്ക് പ്രചോദനവും ആത്മ വിശ്വാസവും ഏകിയ ഒന്നായിരുന്നു വനിതാ സംരംഭക സംഗമം.

സംസ്ഥാനത്തെ സംരംഭക സൗഹാർദ്ദ നയങ്ങളും സംരംഭക സൗഹൃദാന്തരീക്ഷവും വെളിപ്പെടുത്തുന്നതായിരുന്നു വ്യവസായ വകുപ്പ് 2023 ഫെബ്രുവരി 2 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച വനിതാ സംരംഭക സംഗമം. സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയിൽ 43,000 ൽ അധികം വനിതകൾ പുതിയ സംരംഭങ്ങൾ തുടങ്ങിയ സാഹചര്യത്തിലായിരുന്നു വനിതാ സംരംഭക സംഗമം സംഘടിപ്പിച്ചത്. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് അദ്ധ്യക്ഷനായ പരിപാടി ബഹു. ആരോഗ്യ-വനിതാ ശിശു വികസന മന്ത്രി വീണാ ജോർജ്ജ് ആയിരുന്നു ഉദ്ഘാടനം നിർവ്വഹിച്ചത്. വ്യവസായ കേരളം മാസികയുടെ ഡിജിറ്റൽ പതിപ്പിന്റെ ഉദ്ഘാടനവും ഇ.ഡി. ക്ലബുകൾക്കായുള്ള റജി സ്ട്രേഷൻ പോർട്ടലിന്റെ ഉദ്ഘാടനവും ബഹു. മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. ബഹു. ക്ഷീര വികസന-മൃഗസംരക്ഷണ മന്ത്രി ജെ. ചിഞ്ചുറാണിയായിരുന്നു പി.എം.എഫ്.എം.ഇ. പ്രൊമോഷണൽ ഫിലിമിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. വി.കെ.പ്രശാന്ത് എം.എൽ.എ. യും ചടങ്ങിൽ സന്നിഹിതനായിരുന്നു.

വനിതാ ദിനത്തിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വനിതാ സംരംഭക സംഗമത്തോടനുബന്ധിച്ച് വനിതാ സംരംഭകർക്കായി പ്രോത്സാഹന പദ്ധതികളും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രഖ്യാപിച്ചു. വി മിഷൻ. കേരള വായ്പ 50 ലക്ഷമായി ഉയർത്തുകയും വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് 5 ലക്ഷം വീതം അനുവദിക്കുന്നതുമുൾപ്പടെയുള്ള പ്രഖ്യാപനങ്ങളാണ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി രാജീവ് നടത്തിയത്. വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. നൽകുന്ന **വി മിഷൻ കേരള** വായ്പ 50 ലക്ഷമാക്കിയാണ് ഉയർത്തുക. നേരത്തെ ഇത് 25 ലക്ഷമായിരുന്നു. 5 ശതമാനമാണ് പലിശ. മൊറട്ടോറിയം 6 മാസത്തിൽ നിന്ന് ഒരു വർഷമായി ഉയർത്തും. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി 5 ലക്ഷം രൂപയും നൽകും. ഇത് തിരിച്ചടയ്ക്കേണ്ട. പുതിയ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന സഹകരണ സംഘങ്ങൾക്കും നിലവിൽ പ്രവർത്തനം നിലച്ചവരുടെ ആധുനികവത്കരണം, വിപുലീകരണം എന്നിവയ്ക്കും ഈ ഗ്രാന്റ് ലഭിക്കും. ഇതോടൊപ്പം കോഴിക്കോട്ടെ ഇൻകുബേഷൻ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ വനിതാ സംരംഭകർക്ക് ഏപ്രിൽ ഒന്നുമുതൽ വാടക 50 ശതമാനം നൽകിയാൽ മതിയെന്നും ബഹു. മന്ത്രി പറഞ്ഞു. ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാനും പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാനും വ്യവസായ വകുപ്പ് സഹായിക്കുകയും ചെയ്യും.

വനിതാ ദിനത്തിൽ കേരള സംസ്ഥാനത്തെ മികച്ച വനിതാ മന്ത്രിമാരുടെ സാന്നിദ്ധ്യം സംരംഭകരായ വനിതകൾക്ക് നൽകിയ ഊർജ്ജവും പ്രോത്സാഹനവും ചെറുതായിരുന്നില്ല. സ്ത്രീകൾ തൊഴിൽ ദാതാക്കളാകുക എന്നത് സ്ത്രീശാക്തീകരണത്തിൽ പ്രധാനമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത ബഹു. ആരോഗ്യ വനിതാ ശിശു വികസന മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. സ്ത്രീകളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്കായി വനിതാ വികസന വകുപ്പ് പ്രത്യേകം തുക അനുവദിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും പരിശീലനം നൽകുമെന്നും ബഹു. മന്ത്രി കൂട്ടിചേർത്തു. ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധാരാളം സ്ത്രീകൾ മുന്നോട്ടു വന്നിട്ടുണ്ടെന്ന് പി.എം.എഫ്. എം.ഇ. പ്രൊമോഷണൽ ഫിലിമിന്റെ ഉദ്ഘാടനം നിർവ്വഹിച്ച ബഹു. ക്ഷീര വികസന മൃഗ സംരക്ഷണ മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. കൂടുതൽ സ്ത്രീകളെ സംരംഭകത്വത്തിലേക്ക് കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ബഹു. മന്ത്രി കൂട്ടിചേർത്തു.





എന്റെ സംരംഭം നാടിന്റെ അഭിമാനം

വനിതാ സംരംഭക സംഗമം







വനിതാ സംരംഭകരെ സൃഷ്ടിക്കുന്നതിൽ പ്രധാനം മികച്ച വിദ്യാഭ്യാസവും തൊഴിലവസരങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയുമാണെന്ന് വ്യവസായ വകുപ്പ് നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ്. പറഞ്ഞു. മികച്ച വനിതാ സംരംഭകർക്ക് ജില്ല, സംസ്ഥാന തലങ്ങളിൽ പുരസ്കാരം നൽകുമെന്നും ഇത് മെയ് മാസത്തിൽ പ്രഖ്യാപിക്കുമെന്നും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്. പറഞ്ഞു.

കോട്ടയം ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ ലൗലി എം.വി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ സിമി ചന്ദ്രൻ. വി.ആർ., കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ല വൈസ് പ്രസിഡന്റ് അപർണ പൊതുവാൾ, സി.ഐ.ഐ.ഐ.ഡബ്ലിയു, എൻ.കേരള വൈസ് ചെയർവുമൺ ബിൻസി ബേബി, ഫിക്കി പ്രതിനിധി രശ്മി മാക്സിം, ടൈ കേരള പ്രതിനിധി സ്വപ്ന ജോർജ്ജ് എന്നിവർ ചടങ്ങിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.

തുടർന്ന് വനിതാ സംരംഭകരുടെ അനുഭവങ്ങൾ പങ്കു വെയ്ക്കൽ എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ആലപ്പുഴ ജില്ല വ്യവസായ കേന്ദ്രം മാനേജർ എസ്. ഷീബ, തൃശ്ശൂർ ജില്ല വ്യവസായം കേന്ദ്രം അസി. ഡയറക്ടർ സ്മിത.പി. എന്നിവർ മോഡറേറ്റർമാരായി. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ.എസ്.ഐ.ഡി.സി., കെ– ബിപ്, ഒ.എൻ.ഡി.സി. എന്നിവയുടെ നേതൃത്വത്തിൽ സംരംഭകർക്ക് വിവിധ സേവനങ്ങൾ നൽകുന്ന സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. കൂടാതെ 30 സ്റ്റാളുകളിലായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭകരുടെ വ്യത്യസ്ഥങ്ങളായ ഉത്പന്ന പ്രദർശനവും വനിതാ സംരംഭക സംഗമത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 43,000 ത്തിൽ അധികം വനിതകളാണ് സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിച്ചത്. അഞ്ഞൂറിലധികം വനിതാ സംരംഭകരാണ് സംരംഭക സംഗമത്തിൽ പങ്കെടുത്തത്. കേരളത്തിലെ നിലവിലെ സംരംഭക സൗഹാർദ്ദ നയങ്ങളും സംരംഭക സൗഹൃദാന്തരീക്ഷവും വെളിപ്പെടുത്തുന്നതായിരുന്നു സംരംഭക വർഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഈ പരിപാടി.

**കെ– ബിപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# സംരംഭക മേഖലയിലെ പരിശീലനത്തിനായി കെ.ഐ.ഇ.ഡി.



ശരത് വി. രാജ്,

### സംരംഭക പരിശീലനം

സംരംഭകൻ എന്നാൽ ഒരു സമൂഹത്തിലെ ഒഴിവാക്കാനാകാത്ത ഘടകമാണ്. മറ്റു തൊഴിൽ മേഖലകളിലേതു പോലെ വർഷങ്ങളെടുത്തുള്ള അക്കാദമിക് പഠനവും, പരീക്ഷകളും വിജയിച്ചു സ്വന്തം തൊഴിൽ മേഖലയിലേക്ക് കടക്കുന്നതു പോലെയല്ല ഒരു സംരംഭകൻ തന്റെ ആശയത്തെ ഒരു ഉത്തമ സംരംഭമാക്കി മാറ്റുന്നത്. കൃത്യമായ പഠനമോ പരിശീലനമോ ഇല്ലാത്തതു ഒരു സംരംഭകന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി നിരവധി പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ്. സ്വന്തം അനുഭവങ്ങളും ഇതേ മേഖലയിൽ സംരംഭങ്ങൾ ആരംഭിച്ച മറ്റു പലരുടെയും അനുഭവങ്ങൾ നിരീക്ഷിച്ചു തന്റെ ആശയത്തെ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാക്കി വർഷങ്ങൾ നീണ്ടുള്ള സ്വപ്രയത്നത്തി ലൂടെയാണ് ഒരാൾ ഒരു സംരംഭകനാകുന്നത്. ഒരു ഉത്തമ സംരംഭകന്റെ ഗുരു തന്റെ നിരീക്ഷണ പാടവവും, മറ്റുള്ളവരുടെയും അനുഭവങ്ങളാണ്. തന്റെയും മറ്റുള്ളവരുടെയും അനുഭവങ്ങളും പ്രവർത്തന രീതിയും അതിലെ നേട്ടങ്ങളും കോട്ടങ്ങളും മനസിലാക്കി അവയ്ക്കു വേണ്ട ഭേദഗതികളോടെ തന്റെ സംരംഭത്തെ വ്യത്യസ്തമാക്കി മാറ്റുക എന്നതാണ്. ഇതിനായി ഒരു പരിശീലന സൗകര്യം കണ്ടെത്തുക എന്നതാണ് പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്നവർ ശ്രദ്ധിക്കേണ്ടത്. കൃത്യമായ പരിശീലനങ്ങൾ വഴി ഈ മേഖലയിൽ മുന്നേ നടന്നവർ നേരിട്ട പ്രശ്നങ്ങളെയും അവർക്കുണ്ടായ അനുഭവങ്ങളെയും കുറിച്ചുള്ള അവബോധം സൃഷ്ടിക്കും. സംരംഭകത്വ പരിശീലനങ്ങളിലൂടെ ഒരാൾക്ക് തന്റെ നേതൃപരമായ കഴിവുകളെയും പ്രശ്ന പരിഹാര സാദ്ധ്യതകളെയും അനുഭവങ്ങളെയും വളർത്തിയെടുക്കാൻ സാധിക്കും.

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്

സംരംഭക മേഖലയിലേക്ക് കടന്നു വരുന്നവർക്ക് കൃത്യമായ പരിശീലനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള സർക്കാർ വ്യവസായ-വാണിജ്യ വകുപ്പിന്റെ ഭാഗമായി 1994 ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കുന്നത്. തുടർന്ന് 2005 ൽ എറണാകുളം കളമശ്ശേരിയിലുള്ള സ്വന്തം ക്യാമ്പസിലേക്ക് കെ.ഐ.ഇ.ഡി. മാറുകയുണ്ടായി. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ പരിശീലന ക്ലാസ്സുകളും താമസ സൗകര്യത്തിനായി ഹോസ്റ്റൽ സൗകര്യങ്ങളോടും കൂടിയ ഈ സ്ഥാപനം നിലവിൽ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ - വാണിജ്യ വകുപ്പ് ഡയറക്ടർ ഉപാദ്ധ്യക്ഷനായുമുള്ള 8 അംഗ ഗവേർണിങ് കൗൺസിലിന്റെ നേതൃത്വത്തിൽ കൃത്യമായ ദിശാബോധത്തോടെ ഈ സ്ഥാപനത്തെ മുന്നോട്ട് നയിക്കുന്നു. 2021 ൽ കേരള സർക്കാർ സംരംഭകത്വ പരിശീലന മേഖലയിലെ മികവിന്റെ കേന്ദ്രമായി കെ.ഐ.ഇ.ഡി.യെ പ്രഖ്യാപിച്ചു.

KIED
Kerala Institute for Entrepreneurship Development
Department of Industries & Commerce
Government of Kerala

**CENTRE OF EXCELLENCE IN ENTREPRENEURSHIP DEVELOPMENT**

സംരംഭക മേഖലയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർക്കായും, നിലവിൽ സംരംഭങ്ങൾ ഉള്ളവർക്കായും വിവിധതരം പരിശീലന പരിപാടികളും, സംരംഭക വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായും, ഈ മേഖലയിൽ പരിശീലനം ആവശ്യമായ ഏജൻസികൾക്കും, വിദ്യാർത്ഥികൾക്കും ആവശ്യമായ പരിശീലനം കെ.ഐ.ഇ.ഡി. ഉറപ്പാക്കുന്നു.

### 1. കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമുകൾ

ഖാദി ബോർഡ്, കെ.എസ്.എഫ്.ഇ., മൈനിങ് ആന്റ് ജിയോളജി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായും വിവിധ തരം പരിശീലനങ്ങൾ നൽകി വരുന്നു. വ്യവസായ-വാണിജ്യ വകുപ്പിലെ ഇന്റേൺമാർക്കും, ഐ.ഇ.ഒ. മാരുടെ മൂന്നു മാസം നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പ്രോഗ്രാം കെ.ഐ.ഇ.ഡി. യുടെ ആഭിമുഖ്യത്തിലാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർക്കുള്ള പരിശീലനങ്ങളും കെ.ഐ.ഇ.ഡി. നടത്തി വരുന്നു.

### 2. വിദ്യാർത്ഥികൾ

വിദ്യാർത്ഥികളിലെ സംരംഭക ആശയങ്ങളെ പരിപോഷിപ്പിക്കാനും അവയെ വളർത്തിയെടുക്കാനുമായി വ്യവസായ വാണിജ്യ

വകുപ്പ് സ്കൂളുകളിലും കോളേജുകളിലും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബുകൾ രൂപികരിച്ചു. ഈ മേഖലയിലെ തത്പരമായ കുട്ടികൾക്കായി വിവിധതരം പരിശീലനങ്ങൾ നൽകി വരുന്നു. ഇതിന്റെ ഭാഗമായി ഏകദിന സംരംഭക കളരി, ഓൺലൈൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, കൂടാതെ മാസങ്ങൾ നീണ്ടുനിൽക്കുന്ന യുവ ബ്യൂട്ട് ക്യാമ്പ് എന്ന സംസ്ഥാന തല പരിപാടി തുടങ്ങിയവ വിദ്യാർത്ഥികൾക്കായി കെ.ഐ.ഇ.ഡി. സംഘടിപ്പിക്കുന്നു.

## 3. സംരംഭകർക്കായുള്ള പരിശീലനം

വിവിധ മേഖലകളിലെ വിവിധതരം സംരംഭങ്ങളിൽ ഓരോ ഘട്ടത്തിലും നേരിടേണ്ടിവരുന്ന വെല്ലുവിളികളെ കൃത്യമായി പഠിച്ചു സംരംഭകർക്ക് കൃത്യമായ പരിശീലനം നൽകുക എന്നതിലാണ് പ്രാധാന്യം. ഇത്തരത്തിലാണ് കെ.ഐ.ഇ.ഡി. ഓരോ പരിശീലനങ്ങളും ആവിഷ്കരിച്ചിട്ടുള്ളത്.



## 1. ബിസിനസ്സ് ഇൻക്യുബേഷൻ പ്രോഗ്രാം

പുതിയ ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള ഐഡിയ ജനറേഷൻ, ഐസ് ബ്രേക്കിങ്ങ് പ്രൊജക്റ്റ് റിപ്പോർട്ട്, മാർക്കറ്റിങ്ങ്, കമ്പനി റജിസ്ട്രേഷൻ നടപടിക്രമങ്ങൾ, സംരംഭകൻ അറിഞ്ഞിരിക്കേണ്ട ബിസിനസ്സ് നിയമവശങ്ങൾ, പുതിയ സംരംഭങ്ങൾ ക്കായുള്ള സർക്കാരിന്റെ വിവിധ പദ്ധതികൾ, ബാങ്കുകളിൽ നിന്നുള്ള വായ്പകൾ തുടങ്ങി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള വിശദമായ സിലബസ് അടങ്ങിയ 10 ദിവസത്തെ റെസിഡൻഷ്യൽ പ്രോഗ്രാം ആണ് ബിസിനസ്സ് ഇൻക്യുബേഷൻ പ്രോഗ്രാം.

## 2. ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം

നിലവിൽ ബിസിനസ്സ് തുടങ്ങിയവർക്കായി അവരുടെ മേഖലയിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിലോ, ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ കഴിയാതെ വരികയോ പോലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ, ആ പ്രശ്നങ്ങളെ പഠിച്ചു അവയ്ക്കുള്ള കൃത്യമായ പരിഹാരം കണ്ടെത്തി തങ്ങളുടെ ബിസിനസ്സിന്റെ വളർച്ചയ്ക്ക് സഹായിക്കുന്ന ട്രെയിനിങ്ങ് ആണ് ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം. ഈ പരിശീലനത്തിലൂടെ ബ്രാൻഡിങ്ങ്, പാക്കേജിങ്ങ്, ഡിജിറ്റൽ മാർക്കറ്റിങ്ങ് സാദ്ധ്യതകൾ, സമയ/സ്ട്രെസ്സ് മാനേജ്മെന്റ്, വിവിധ മേഖലകളിൽ വിജയിച്ച സംരംഭകരുമായുള്ള അനുഭവങ്ങൾ പങ്കുവെയ്ക്കൽ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. 10 ദിവസമാണ് ഈ പരിശീലനം.



## 3. ബിസിനസ്സ് ആക്സിലറേഷൻ പ്രോഗ്രാം

നിലവിൽ വിജയകരമായി നടന്നുവരുന്ന സംരംഭങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുന്നതിനായി കെ.ഐ.ഇ.ഡി. ആവിഷ്കരിച്ച 10 ദിവസത്തെ പരിശീലന പരിപാടിയാണ് ബിസിനസ്സ് ആക്സിലറേഷൻ പ്രോഗ്രാം. ഈ പരിശീലനത്തിലൂടെ നേതൃത്വപരമായ കഴിവുകളെയും, ധനകാര്യ മാനേജ്മെന്റ്, മാർക്കറ്റിങ്ങ് തന്ത്രങ്ങൾ, മാർ ക്കറ്റിങ്ങ് മേഖലയിലെ ആശയവിനിമയ മാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## വനിത സംരംഭകത്വ പരിശീലനം

സംരംഭങ്ങൾ തുടങ്ങാൻ താത്പര്യപ്പെടുന്നവരായ വനിതകൾക്കായി കെ.ഐ.ഇഡി. ആവിഷ്കരിച്ച സംരംഭകത്വ പരിശീലന പരിപാടിയാണ് വനിത സംരംഭകത്വ പരിശീലനം. 10 ദിവസമാണ് ഈ പരിശീലനം.

## കേന്ദ്ര സർക്കാർ പദ്ധതികൾ

കേന്ദ്ര സർക്കാരിന്റെയും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസിന്റെ സഹായത്തോടെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ താത്പരമായ സംരംഭകർക്ക് വിവിധ പരിശീലന പരിപാടികളും, വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനം ആവശ്യമുള്ളവർക്കായി എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എന്റർപ്രണർഷിപ്പ് സ്കിൽ ഡെവലപ്മെന്റ് പരിശീലനങ്ങളും കെ.ഐ.ഇ.ഡി. യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നു.

## ജോയിന്റ് പ്രോഗ്രാമുകൾ

ഇതിനു പുറമെ കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് അവരുടെ സാങ്കേതിക വിദ്യ നമ്മുടെ സംരംഭക മേഖലയിലേക്ക് കൊണ്ടു വരുന്നതിനായി ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, ലൈവ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ അഹമ്മദാബാദ്, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റേർ ഡിസി പ്ലിനറി സയൻസ് ആന്റ് ടെക്നോളജി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരളം വെറ്റിനറി യൂണിവേഴ്സിറ്റി, തുടങ്ങിയ സ്ഥാപനങ്ങളിലെ ഇൻകുബേഷൻ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി ഈ മേഖലയിലെ തത്പരരായ സംരംഭകർക്ക് പ്രായോഗിക പരിശീലനം നടപ്പിലാക്കുന്നു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സി.ഇ.ഒ. ആണ് ലേഖകൻ**

# വനിത സംരംഭകർക്ക് പുതു പ്രതീക്ഷയേകി വ്യവസായ വകുപ്പ്

എസ്. ഹരി കിഷോർ ഐ.എ.എസ്.



വനിത ദിനത്തിൽ കേരളത്തിലെ വനിതാ സംരംഭകർക്ക് പുതു ഉണർവ്വും പ്രോത്സാഹനവും നല്കുന്ന മൂന്ന് പ്രഖ്യാപനങ്ങളുമായി വ്യവസായ വകുപ്പ്. കേരള സർക്കാർ സംരംഭങ്ങൾക്കും, സംരംഭകർക്കും ഒപ്പം തന്നെയാണെന്ന് അരക്കിട്ടുറപ്പിക്കുന്നതാണ് വനിതാ സംരംഭകർക്ക് വേണ്ടിയുള്ള പുതു പ്രഖ്യാപനങ്ങൾ. ഇവ സംരംഭക മേഖലയുടെ പുരോഗതിയും സംരംഭക അഭിവൃദ്ധിയും ലക്ഷ്യമിടുന്നു. വനിതാ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. വി മിഷൻ വായ്പ വർദ്ധന, വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം സബ്സിഡി കോഴിക്കോട് ഇൻക്യൂബേഷൻ സെന്ററിൽ വനിതാ സംരംഭകർക്ക് വാടകയിളവ് എന്നിവയാണ് പ്രഖ്യാപിച്ചത്. സർക്കാർ നയത്തിന്റെ ഭാഗമായി കേരളത്തിലെ നിക്ഷേപ സംരംഭക മേഖലയിൽ കൂടുതൽ പേർ കടന്ന് വരുന്ന സാഹചര്യത്തിൽ വാണിജ്യ വ്യവസായ വകുപ്പിന്റെ പ്രഖ്യാപനം കൂടുതൽ വനിതകളെ സംരംഭകരാക്കാൻ പ്രേരിപ്പിക്കും. മൂലധനം എന്ന കടമ്പ മറികടക്കാനും വനിതാ സംരംഭകർക്ക് ആത്മ വിശ്വാസം നല്കാനും വകുപ്പിന്റെ പ്രഖ്യാപനങ്ങൾക്കാകും.




## ഇരട്ടിയാക്കി വി മിഷൻ വായ്പ

കെ.എസ്.ഐ.ഡി.സി. വി മിഷൻ വായ്പ പദ്ധതി ഒറ്റയടിക്ക് ഇരട്ടിയാക്കിയത് വനിതാ ദിനത്തിൽ കേരളത്തിലെ സംരംഭകർക്ക് ലഭിച്ച മധുര സമ്മാനമാണ്. വ്യവസായ വകുപ്പ് മന്ത്രി പി രാജീവാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വനിതാ സംരംഭക സംഗമത്തിൽ ഉത്പാദന മേഖലയിലുള്ള വനിതാ സംരംഭകർക്ക് ഗുണകരമാകുന്ന പദ്ധതി പ്രഖ്യാപിച്ചത്. ഇതു പ്രകാരം ഉത്പാദന മേഖലയിലുള്ള സ്ത്രീ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. യുടെ വി മിഷൻ വായ്പ 25 ലക്ഷമെന്നത് 50 ലക്ഷമായി ഉയർന്നു. 5 ശതമാനമാണ് പലിശ മൊറട്ടോറിയം ആറു മാസത്തിൽ നിന്ന് ഒരു വർഷമായി ഉയർത്തി. നിലവിലുള്ള സംരംഭങ്ങൾക്ക് അവരുടെ ബിസിനസ് കൂടുതൽ വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനുമാണ് പദ്ധതി പ്രകാരം






വായ്പ അനുവദിക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ ആളുകൾക്ക് ലഭിക്കുന്നതിനും കൂടുതൽ സ്വീകാര്യമാക്കുന്നതിനുമാണ് വി മിഷൻ പദ്ധതി വിപുലീകരിച്ചത്. ബിസിനസ് വിപുലീകരിക്കുന്നതിനും നവീകരണത്തിനും ബുദ്ധിമുട്ടുന്ന വനിതാ സംരംഭകർക്ക് ആശ്വാസമേകുന്നതാണ് സംസ്ഥാന സർക്കാരിന്റെ ഈ നടപടി. ദേശ സാത്കൃത സ്വകാര്യ ബാങ്കുകളെ അപേക്ഷിച്ച് കെ.എസ്.ഐ.ഡി.സി. നല്കുന്ന വായ്പ സുതാര്യമാണെന്നതിനാൽ ഇത് സംരംഭകർക്ക് നല്കുന്ന ആത്മവിശ്വാസം ചെറുതായിരിക്കില്ല.

## ഇൻകുബേഷൻ സെന്ററിലും ഇളവ്

സംരംഭങ്ങൾക്ക് പ്രവർത്തിക്കാൻ സ്ഥല പരിമിതിയും ഉയർന്ന വാടകയും പ്രശ്നമാവുന്ന കാലഘട്ടത്തിൽ വനിതാ സംരംഭകരെ സംരക്ഷിക്കുകയാണ് സർക്കാർ. കോഴിക്കോട്ടെ ഇൻകുബേഷൻ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ വനിതാ സംരംഭകർക്ക് ഏപ്രിൽ ഒന്നു മുതൽ 50 ശതമാനം വാടകയിളവും പ്രഖ്യാപിച്ചു. ഇതിലൂടെ സംരംഭകർക്ക് വാടകയിനത്തിൽ തന്നെ വലിയൊരു തുക ചെലവിടാതിരിക്കാനാവും. കൂടാതെ സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുമ്പോഴുള്ള വാടക സംബന്ധിച്ച് പ്രശ്നങ്ങളിൽ നിന്നും വിടുതൽ നേടാനാവും. ഇത്തരത്തിൽ വളരെ സ്ത്രീ സൗഹൃദമായി സംസ്ഥാന സർക്കാരെടുക്കുന്ന നിലപാടുകളിലൂടെ ഇനിയും വളരെയധികം സ്ത്രീകൾ സംരംഭകത്വത്തിലേക്കെത്തുമെന്നത് ഉറപ്പാണ്.



## സഹകരണ സംഘങ്ങൾക്ക് സബ്സിഡി

വനിതാ സഹകരണ സംഘങ്ങൾക്കും ശുഭ പ്രതീക്ഷയേകുന്ന പ്രഖ്യാപനമാണ് വനിതാ ദിനത്തിൽ ഉണ്ടായത്. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി 5 ലക്ഷം രൂപ നല്കും. ഇത് തിരിച്ചടയ്ക്കേണ്ടതല്ലാത്ത ഗ്രാന്റ് ആയിട്ടാണ് നല്കുക. പുതിയ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന സഹകരണ സംഘങ്ങൾക്കും നിലവിൽ പ്രവർത്തനം നിലച്ചവയുടെ ആധുനിക വത്കരണം, വിപുലീകരണം, എന്നിവയ്ക്കും പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അപേക്ഷ നല്കിയാൽ ഈ ഗ്രാന്റ് ലഭിക്കും. ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാനും പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാനും വ്യവസ ായ വകുപ്പ് സഹായിക്കും. സഹകരണ സംഘങ്ങളെ സംബന്ധിച്ചടത്തോളം ഈ പ്രഖ്യാപനം വളരെ ആശ്വാസം പകരുന്നതാണ്. പുതിയ നിക്ഷേപം ഇല്ലാതെ പ്രവർത്തനം ബുദ്ധിമുട്ടിലായതും നിലച്ചതുമായ നിരവധി സംഘങ്ങളുടെ ഉയർത്തെഴുന്നേല്പിന് ഈ ഗ്രാന്റ് സഹായകമാകും. കേരളത്തിൽ കോവിഡ് കാലഘട്ടത്തിൽ പ്രവർത്തനം നിലച്ചതും മന്ദീഭവിച്ചതുമായി നിരവധി സഹകരണ സംഘങ്ങൾക്ക് ഈ ഗ്രാന്റ് പുനരുജ്ജീവനമേകും. ഇതു വഴി ചെറുകിട വ്യവസായ മേഖലയ്ക്ക് ആശ്വാസം ലഭിക്കും.

വ്യവസായ മേഖല കൂടുതൽ സുതാര്യമാക്കാൻ ലക്ഷ്യമിട്ടും വൈവിധ്യമാർന്ന സംരംഭങ്ങൾ ഉരുത്തിരിയാനും വേണ്ടി നടത്തുന്ന ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുന്നു എന്നത് സംരംഭകരുടെ ഭാവി സുരക്ഷിതമാക്കും. സ്വന്തം സംരംഭം സ്വപ്നം കാണുന്ന മലയാളി വനിതകൾക്ക് സ്വയം പര്യാപ്തരാവാൻ അവസരമൊരുക്കുന്നതാണ് സംസ്ഥാന സർക്കാരിന്റെ ഓരോ പ്രഖ്യാപനവും മുന്നേറുക, കൂടുതൽ ഉയരത്തിലേക്ക് ... സർക്കാർ ഒപ്പമുണ്ട്.

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**









# ക്ലെയിം ലഭ്യമല്ലാത്ത ആശുപത്രി ചിലവുകൾ



**വിശ്വനാഥൻ ഒടാട്ട്**

ക്ലെയിം ലഭ്യമല്ലാത്ത ഒട്ടേറെ ആശുപത്രി ചിലവുകൾ ഇന്ന് നിലവിലുണ്ട്. പക്ഷെ പലപ്പോഴും ആശുപത്രി അധികൃതർക്കും പോളിസി ഉടമകൾക്കും ഇതിനെക്കുറിച്ച് ശരിയായ അറിവില്ലാത്തതുമൂലം ധനനഷ്ടം ഉണ്ടാവാറുണ്ട്. പൊതുവെ പറഞ്ഞാൽ സ്റ്റാൻഡേർഡ് പോളിസികളിൽ മിക്കവാറും താഴെ കൊടുക്കുന്ന വിവിധ തരത്തിലുള്ള ആശുപത്രി ചിലവുകൾ പോളിസി ഉടമക്ക് ലഭ്യമല്ല. ഇക്കാര്യം വിപണന സമയത്ത് പലപ്പോഴും അറിയുന്നില്ല അല്ലെങ്കിൽ വിപണനക്കാർ പറയുന്നില്ല. ക്ലെയിം ചെയ്യുമ്പോൾ ഉപഭോക്താവിന് ആശുപത്രിയിൽ ചിലവായ തുക മുഴുവനും ലഭിക്കുന്നുമില്ല. ഇവ ഏതെല്ലാമെന്ന് പരിശോധിക്കാം

ആശുപത്രി റജിസ്ട്രേഷൻ ചാർജ്ജ് മെഡിക്കൽ റിപ്പോർട്ട്, ഡോക്യുമെന്റേഷൻ ചാർജ്ജ്, ഫോട്ടോ കോപ്പി, ടെലഫോൺ, ഇ മെയിൽ, ഇന്റർനെറ്റ് എന്നിവക്ക് ചിലവായ തുക, സന്ദർശകരുടെ ഭക്ഷണം, സ്വകാര്യ നഴ്സിംഗ്, ആയയുടെ ഫീസ്, ടെലിവിഷൻ, ബാർബറുടെ ചിലവ്, ലക്ഷ്വറി ടാക്സ്, മോർച്ചറി വാടക, കൂടെ നിൽക്കുന്ന സഹായിക്കുള്ള ചിലവുകൾ, ക്യാമറ, വീഡിയോ, സി.ഡി. എന്നിവക്കുള്ള ചിലവുകൾ, അലക്കുന്നതിനുള്ള ചിലവുകൾ, ഫാമിലി ഡോക്ടറുടെ ഫീസ്, നിലവിലുള്ള അസുഖത്തിനുള്ള ചികിത്സയും രോഗ നിർണ്ണയ ചിലവുകളും, കണ്ണട, ശ്രവണസഹായി, കോണ്ടാക്റ്റ് ലെൻസ് എന്നീ ചിലവുകൾക്ക് നഷ്ടപരിഹാരത്തുക ലഭ്യമല്ല.

ഓർത്തോ സംബന്ധമായ ക്രച്ചസ്, വാക്കർ, വീൽ ചെയർ, സ്ലിംഗ്, സ്പ്ലിന്റ്, ബ്രേസ് എന്നിവക്കു പുറമെ ബെഡ്പാൻ, യൂറിൻ കാൻ, ഭാരം അളക്കുന്നതിനുള്ള വെയിംഗ് മെഷീൻ, ട്രാക്ഷൻ കിറ്റ്, വാട്ടർ ബെഡ്, ടോയ്‌ലറ്ററി സാധനങ്ങൾ, കൊതുക് നിവാരണി, ബെൽറ്റ്, കോളർ, ക്രേപ് ബാൻഡേജ് എന്നിവക്കുവേണ്ട സാധനങ്ങൾ, ഹോർലിക്സ്, ഗ്ലൂക്കോമീറ്റർ, തെർമ്മോ മീറ്റർ, യൂറോ മീറ്റർ, സാനിറ്ററി പാഡുകൾ, ഡയ്പറുകൾ, ടിഷ്യു പേപ്പർ, ബാൻഡ് എയ്ഡ്, പ്ലാസ്റ്റർ, കമ്പിളി പുതപ്പ്, വീട്ടിൽ വെച്ച് ഉപയോഗിക്കേണ്ട മെഡിക്കൽ സാധനങ്ങൾ, കുട്ടികൾക്കു വേണ്ടതായ തൊട്ടിൽ, ആഹാര സാധനങ്ങൾ, മിനറൽ വാട്ടർ, കണ്ണ് മൂടുന്നതിനുള്ള കപ്പ്, വാക്സിനേഷൻ ചാർജ്ജ്, നെബുലൈസർ കിറ്റ്, വിസിറ്റേഴ്സ് പാസ് ചാർജ്ജ് എന്നിവക്ക് ക്ലെയിം ലഭ്യമല്ല.

മേൽ പറഞ്ഞവയ്ക്ക് പുറമെ സാധാരണയായി പോളിസി എടുക്കുന്ന അവസരത്തിൽ നിലവിലുള്ള അസുഖങ്ങൾക്കുള്ള ചികിത്സാ ചിലവുകൾ ലഭിക്കുകയില്ല. പക്ഷെ പല കമ്പനികളും രണ്ട്/മൂന്ന്/നാല് വർഷം കഴിയുമ്പോൾ സമയബന്ധിതമായി ഇതിൽ ഇളവ് നൽകുന്നുണ്ട്. പോളിസി എടുത്തശേഷം ആദ്യത്തെ 30 ദിവസത്തേക്ക് അസുഖങ്ങൾ മൂലമുള്ള ചികിൽസാചിലവ് ലഭിക്കുകയില്ല. അപകടം മൂലമല്ലാതെയുള്ള ദന്ത ചികിത്സക്ക് ക്ലെയിം ലഭ്യമല്ല. വന്ധ്യത, മദ്യം, മയക്കുമരുന്ന്, എയ്ഡ്സ് ആത്മഹത്യാ ശ്രമം എന്നിവക്കും പോളിസി പരിധിയിൽ വരുന്നതല്ല. ഇതുകൂടാതെ പ്രസവ ചികിത്സക്കും, പ്രകൃതി ചികിത്സക്കും സാധാരണ പോളിസികളിൽ ക്ലെയിം ലഭ്യമല്ല. തിമിരം, സൈനസൈറ്റിസ്, ഹെർണ്ണിയ, ഗർഭപാത്രം നീക്കൽ, ഫിസ്റ്റുല, പൈൽസ്, ജന്മനാ ഉള്ള വൈകല്യങ്ങൾ എന്നിവക്കും പോളിസി എടുത്ത് ആദ്യവർഷം ക്ലെയിം ലഭിക്കുകയില്ല. മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വന്നാലും ക്ലെയിം ലഭ്യമല്ല. കോസ്മറ്റിക്, പ്ലാസ്റ്റിക് സർജ്ജറി, ശരീരഭാരം കുറക്കുന്നതിനുള്ള ശസ്ത്രക്രിയ, സുന്നത്ത്, വാക്സിനേഷൻ എന്നിവക്കും ക്ലെയിം ലഭിക്കുകയില്ല.

ഓരോ വ്യക്തിയുടെയും അഥവാ കുടുംബത്തിന്റെയും വരുമാനവും ഭാവി ആവശ്യങ്ങളും ചിലവുകളും വ്യത്യസ്ഥമായിരിക്കുമല്ലോ. അതുകൊണ്ടുതന്നെ മെഡിക്ലെയിം ഇൻഷുറൻസ് പോളിസി തിരഞ്ഞെടുക്കുമ്പോൾ ഭാവിയിലെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് വേണം ഇൻഷ്വർ ചെയ്യുന്ന തുക നിശ്ചയിക്കേണ്ടത്. ആരോഗ്യവും സമ്പത്തുമുള്ള സമയത്ത് നാം വിചാരിക്കും അസുഖങ്ങളും അപകടങ്ങളും ഒന്നും എനിക്കും എന്റെ കുടുംബത്തിനും ബാധകമല്ല എന്ന്. എന്നാൽ സാമ്പത്തിക സ്ഥിതി മോശമാവുകയോ, അനാരോഗ്യം പിടിപെട്ട ശേഷമോ മെഡിക്ലെയിം പോളിസിയെക്കുറിച്ച് ചിന്തിച്ചിട്ട് കാര്യമില്ല. ഇന്ന് ഇന്ത്യയിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ഇണങ്ങുന്ന പോളിസികളുണ്ട്. ഒരു ക്ലെയിം ഉണ്ടായാൽ ശരിയായ സേവനം ലഭിക്കുന്നില്ലെന്നതാണ് ഭൂരിഭാഗം ആളുകളുടെയും പ്രശ്നം.

ഇതുകൂടാതെ പല കമ്പനികളുടെയും പോളിസികളിൽ പല ചികിത്സയ്ക്കും പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഇൻഷൂർ ചെയ്ത തുകയുടെ 1 ശതമാനം മാത്രമെ ഭൂരിഭാഗം പോളിസികളിലും ആശുപത്രി മുറിവാടകയായി ലഭിക്കുന്നുള്ളൂ. എന്നാൽ ഇതു മനസ്സിലാക്കാതെ കൂടിയ തുകയ്ക്കുള്ള മുറിയിൽ കിടന്ന് ചികിത്സിച്ചാൽ നമുക്ക് കിട്ടേണ്ട ക്ലെയിം തുകയിൽ പല പോളിസികളിലും പകുതിയായി കുറയാൻ ഇടയുണ്ട്. അതുപോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് '**കോപെമെന്റ്.** ഉദാഹരണത്തിന് 10% കോപെമെന്റ് ഉള്ള ഒരു പോളിസിയിൽ മൊത്തം ചികിത്സാ ചിലവിന്റെ 10% പോളിസി ഉടമ സ്വയം വഹിക്കേണ്ടതാണ്. ഇതിനു പുറമെ ചില പ്രത്യേക ചികിത്സകൾക്ക് കമ്പനി പരിധികൾ നിശ്ചയിച്ചിട്ടുള്ളതിനാൽ അതിനെക്കാൾ കൂടിയ തുകക്ക് ചികിത്സിച്ചാൽ ബാക്കി തുക സ്വയം വഹിക്കേണ്ടതായിവരും.

ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാതെ ഇൻഷ്വർ ചെയ്യുകയോ, ക്ലെയിം ചെയ്യുകയോ ചെയ്താൽ നാം പ്രതീക്ഷിച്ച ക്ലെയിം തുക കിട്ടില്ലെന്ന് ഉറപ്പാണ്. അതിനാൽ പോളിസികൾ എടുക്കുന്നതിന് മുൻപായി അതിലെ നിബന്ധനകൾ കൃത്യമായി മനസ്സിലാക്കിയിരിക്കണം.

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**

# കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ല കമ്മിറ്റി വ്യവസായി സംഗമം സംഘടിപ്പിച്ചു

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ തിരുവനന്തപുരം ജില്ല കമ്മിറ്റി സംഘടിപ്പിച്ച ജില്ലാ വ്യവസായി സംഗമം ഫെബ്രുവരി മാസം 22 –ാം തീയതി അപ്പോളോ ഡിമോറ ഹോട്ടലിൽ വെച്ച് നടക്കുകയുണ്ടായി. ജില്ല പ്രസിഡന്റ് സി. എസ്. പ്രദീപ് കുമാർ അദ്ധ്യക്ഷത വഹിച്ച യോഗം ബഹു. വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുകയും കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. യോഗത്തിൽ വെച്ച് കെ.എസ്.എസ്.ഐ. എ. ആവശ്യപ്പെട്ടു കൊണ്ടിരുന്ന ഡെവലപ്മെന്റ് പ്ലോട്ട് /ഏരിയകളിൽ നിബന്ധനകൾ ഇല്ലാതെ പട്ടയം നൽകുമെന്നും കിൻഫ്രാ/സിഡ്കോ/കെ.എസ്.ഐ.ഡി.സി. തുടങ്ങിയവയിൽ എക്സിറ്റ് പോളിസി മാർച്ചിൽ നിലവിൽ വരുമെന്നും മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. യോഗത്തിൽ കെ.എസ്.എസ്.ഐ.എ. മുൻ സംസ്ഥാന പ്രസിഡന്റ് എം. ഖാലീദും മറ്റ് സംസ്ഥാന ഭാരവാഹികളും വ്യവസായികൾ അഭിമുഖികരിക്കുന്ന വിവിധ വിഷയങ്ങളെ കുറിച്ച് സംസാരിക്കുകയുണ്ടായി. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മുഴുവൻ സംസ്ഥാന ഭാരവാഹികളെയും തിരുവനന്തപുരം ജില്ല ആദരിക്കുകയുണ്ടായി. സ്വകാര്യ വ്യവസായ പാർക്കിന് വേണ്ടി രൂപികരിച്ച കിഡ് ഇൻഡസ്ട്രീസ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ലോഗോ പ്രകാശനവും വെബ്സൈറ്റിന്റെ ലോഞ്ചിങ്ങും മന്ത്രി നിർവ്വഹിച്ചു. വ്യവസായി സംഗമം വൻ വിജയമാക്കി തീർത്ത എല്ലാവർക്കും ജില്ല സെക്രട്ടറി




ഡോ. പ്രേമ കുമാർ നന്ദി അറിയിക്കുകയും തുടർന്നും മുന്നോട്ടുള്ള തിരുവനന്തപുരം ജില്ലയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

സംഗമത്തിന്റെ ഭാഗമായി വിവിധ ബാങ്കുകൾ, കെ.എഫ്.സി, ഡി.ഐ.സി., ലീഡ് ബാങ്ക്, ബിസിനസ്സ് സോഫ്റ്റ് വെയർ കമ്പനികൾ സ്റ്റാൾ തുറക്കുകയും പുതിയ സ്കീമുകളെ കുറിച്ചുള്ള പ്രസന്റേഷനുകൾ നടത്തുകയും ചെയ്തു. ഇതിനോടനുബന്ധിച്ചു സംസ്ഥാന കമ്മിറ്റിയും നടത്തുകയുണ്ടായി. 23 –ാം തിയതിയിലെ ദിനപത്രങ്ങളിൽ മന്ത്രിയുടെ പ്രസ്താവന മുഖ്യ വാർത്തയായിരുന്നു.



# അഞ്ചാമത് മെഷിനറി എക്സ്പോ നാഷണൽ എക്സിബിഷൻ 2023



അഞ്ചാമത് മെഷിനറി എക്സ്പോ നാഷണൽ എക്സിബിഷൻ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വെച്ച് നടന്ന സമാപന ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ്  പങ്കെടുത്ത് ആശംസകൾ അർപ്പിക്കുന്നു.

# പുതിയ സംരംഭകർക്ക് സൗജന്യ സേവനം

സംസ്ഥാനത്ത് ഈ വർഷം ആരംഭിച്ച സംരംഭ കർക്ക് സൗജന്യ സേവനം നല്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട് എന്ന സ്ഥാപനം തയ്യാറായിട്ടുണ്ടെന്ന് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് അറിയിച്ചു.  ജില്ലകളിൽ ഹെൽപ്പ് ഡെസ്ക്ക് സ്ഥാപിച്ച് ജി.എസ്.റ്റി. ഫോമുകൾ, ഫിനാന്യഷ്യൽ സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ഈ ഹെൽപ്പ് ഡസ്കിൽ നിന്നും ലഭിക്കും.  സംസ്ഥാന വ്യവസായ വകുപ്പ്  സംഘടിപ്പിച്ച മെഷിനറി  എക്സ്പോ ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി അറിയിച്ചതാണ് ഈ വിവരം.

# സംരംഭകരുടെ പരാതി പരിഹാര സമിതികൾ നിലവിൽ വന്നു

വ്യവസായ സംരംഭകരുടെ പരാതികളിൽ  തീർപ്പ് കല്പിക്കുന്ന സംസ്ഥാന – ജില്ലാ സമിതികൾ നിലവിൽ വന്നു.  സംരംഭകരുടെ പരാതികൾ മുഴുവനായും ഓൺ ലൈനായി പ്രവർത്തിക്കുന്ന ഈ സമിതികളിൽ  ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ പരിഹരിച്ച് തീർപ്പ് കല്പിക്കും.  10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായികളുടെ പരാതിയിൽ ജില്ലാ സമിതിയും 10 കോടിയിൽ കൂടുതൽ  നിക്ഷേപ മുള്ള  സംരംഭകരുടെ പരാതികളും ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിനു മേലുള്ള അപ്പീലും സംസ്ഥാന  സമിതിയും പരിശോധിക്കും.  ജില്ല സമിതിയുടെ ചെയർമാൻ കളക്ടറും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീന റുമാണ്.  സംസ്ഥാന സമിതിയുടെ ചെയർമാൻ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയും കൺവീനർ വ്യവസായ വാണിജ്യ ഡയറക്ടറുമാണ്.

സേവനം നല്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മതിയായ കാരണം കൂടാതെ കാലതാമസമോ വീഴ്ചയോ വരുത്തിയാൽ പിഴ ചുമത്താനും വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യാനും നിയമാനുസൃതമായ അധികാരമുള്ള സമിതികളാണിവ. സമിതിയുടെ നിർദ്ദേശം പാലിച്ച് 15 ദിവസത്തിനുള്ളിൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ഒരു ദിവസം 250 രൂപ വീതമോ പരമാവധി 10,000 രൂപയോ പിഴ അടക്കേണ്ടിവരും.  വ്യവസായവുമായി ബന്ധപ്പെട്ട 17 വകുപ്പുകളിലുമുള്ള പരാതികളിലാണ് പരിഹാരം ഉണ്ടാകുന്നത്.  ഇന്ത്യ രാജ്യത്ത്  ഇങ്ങനെ യുള്ള ഒരു പരാതി പരിഹാര സമിതികൾ  നിലവിൽ വരുന്നത് നമ്മുടെ  സംസ്ഥാനത്ത്  മാത്രമാണ്.  വിവിധ വിഷയങ്ങളിലുണ്ടാകുന്ന സംരംഭകരുടെ പരാതികളിൽ പരിഹാരത്തിന് മന്ത്രിമാരെയും വകുപ്പ് ഉദ്യോഗസ്ഥന്മാരേയും സമീപിച്ച് മാസങ്ങളോളം  കാത്തിരിക്കേണ്ട ഒരു ദുരവസ്ഥയ്ക്ക് പരിഹാരം കൂടിയാണ് ഈ സമിതികൾ.  വ്യവസായ മേഖലയുടെ വളരെ കാലത്തെ ഒരാവശ്യം യാഥാർത്ഥ്യമാക്കാൻ മുൻ കൈയ്യെടുത്ത  വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിന് കേരള സംസ്ഥാന ചെറുകിട  വ്യവസായ അസോസിയേഷന്റെ  അഭിനന്ദനം  അറിയിക്കുന്നു.

പരാതികൾ സമർപ്പിക്കേണ്ട ലിങ്ക് :

http//grievanceredressal.industry.kerala.gov.in

# വാർത്തകൾ

## പരാതി പരിഹാര പോർട്ടലിന്റെ പ്രവർത്തന ഉദ്ഘാടനം



↑പരാതി പരിഹാര പോർട്ടലിന്റെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ആശംസാ പ്രസംഗം നടത്തുന്നു.

## ദേശീയ അപ്രന്റീസ്ഷിപ്പ് അവേർണസ് വർക്ക്ഷോപ്പ്



↑Ministery of Skill Development and Enterpreneurship സംഘടിപ്പിച്ച National Apprenticeship Awarness Workshop ൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ആശംസാ പ്രസംഗം നടത്തുന്നു.

## മിനിമം വേജസ് അഡ്വൈസറി ബോർഡിൽ പ്രാതിനിധ്യം – കൊല്ലം ജില്ലയുടെ ആദരവ്



↑മിനിമം വേജസ് അഡ്വൈസറി ബോർഡിൽ പ്രാതിനിധ്യം ലഭിച്ച സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന് കൊല്ലം ജില്ല പ്രസിഡന്റ് കെ.ജി. ലിജിൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു.

## മെഷിനറി എക്സ്പോ നാഷണൽ എക്സിബിഷന് ആശംസകൾ



↑അഞ്ചാമത് മെഷിനറി എക്സ്പോ നാഷണൽ എക്സിബിഷൻ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വെച്ച് നടന്ന ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്ത് ആശംസകൾ അർപ്പിക്കുന്നു.

## കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പ് കൊല്ലം ജില്ല വ്യവസായ കേന്ദ്രം – ജില്ലാതല നിക്ഷേപക സംഗമം



↑കൊല്ലം ജില്ല വ്യവസായ കേന്ദ്രം സംഘടിപ്പിച്ച ജില്ലാതല നിക്ഷേപക സംഗമത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു.



↑കൊല്ലം ജില്ല വ്യവസായ കേന്ദ്രം സംഘടിപ്പിച്ച ജില്ലാതല നിക്ഷേപക സംഗമത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന് ബഹു. വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി. രാജീവ് പൊന്നാട അണിയിച്ച് ആദരിക്കുന്നു.




# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

newcleartechnologies


www.newcleartechnologies.com

# NEWCLEAR®
TECHNOLOGIES

*By way of new technologies*



TIGERTEC FIBER LASER CUTTER




RAYT CNC ROUTER




STAINLESS STEEL BENDING MACHINE



RAYT LASER CUTTING MACHINE



FIBER LASER WELDING MACHINE



ALLWIN SOLVENT PRINTER

ALLWIN Technologies™ | Saga® | TIGERTEC® | MEFU® Professional Laminator Manufacturer
RAYT LASER & CNC | Mimaki™ | fayon® | Dobosen® | YUEMING®

**Corporate Office: Newclear Technologies**
Alenjickal Square, Periyar Valley Lane, Thottakkattukara, Aluva (Kerala) 683108
Land Phone: 0484-2609499, **Sales: 999500 1999, 9539065051**
facebook.com/newcleartechnology

24 Hours Whatsapp No.: **+91 999 5001 999**
**www.newclearonline.com**
**Quick Contact : 702 551 6661**
**Service : 808 6090 260**

COCHIN I CHENNAI I BANGALORE I MUMBAI I AHMEDABAD I HYDERABAD I MANGALORE I VIZAG I KOLKATA I GUNTUR

25th March 2023, Kalamassery.
Regn. No. KERBIL/2005/23143
KSSIA NEWS Journal of The Kerala State Small Industries Association
Price ₹ 5.00

Tally
POWER OF SIMPLICITY

If life is getting **SMARTER**, why not your **BUSINESS**?




**Make business management simpler with**

TallyPrime

**Accounting | GST | Inventory | e-Invoice | e-Way bill | Remote access with AWS**

**Benefits of using TallyPrime:**

- 400+ reports anytime, on any device
- Seamless cashflow management
- Better outstanding management
- Quick info on stock movement
- Instant query resolution

Indmerc SOLUTIONS PVT LTD

**Kottayam**
**Indmerc Solutions Pvt. Ltd.**
I Floor, Catholic Trust Building
Kanjikuzhy, KK Road
Kottayam - 696 004
M: +91 98461 26761
E: Info@indmerc.in

**Cochin**
**Indmerc Solutions Pvt. Ltd.**
III Floor, Triton, SA Road
NR Manorama Junction
Cochin - 682 016
M: +91 98470 56761
E: Info@indmerc.in

Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, H M T Industrial Estate, H M T Colony P.O;, Kalamassery - 683 503 Phone: 9496360300, Email: kssiastate@gmail.com, and Printed at Rajasree Industrial Printers, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at H M T Industrial Estate, Kalamassery, Ernakulam District. Editor: S. Salim.